**<u>വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>**

**(ഹാജർ: അനുപമ.റ്റി.വി IAS)**

**<u>ഉത്തരവ് നം.WCD-E9/17794/2013</u>** **<u>തിരുവനന്തപുരം,തീയതി: 19.02.2021</u>**

വിഷയം:-വനിത ശിശുവികസന വകുപ്പ് –ജീവനക്കാര്യം – വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ താൽക്കാലിക നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1.സർക്കാർ കത്ത് നം.എ1/252/2016/സാനീവ തീയതി-04.07.2017, 07.08.2017.

2.ജി.ഒ(പി) നം.77/2012/എസ്.ജെ.ഡി തീയതി-27.12.2012.

3.ഈ കാര്യാലയത്തിൽ നിന്നുള്ള 28.01.2021 തീയതിയിലെ ഇതേ നം സർക്കുലർ.

4. മണ്ണാർക്കാട് CDPO-യുടെ 06.01.2021 ലെ 1659/20 നം കത്ത്.

വനിത ശിശു വികസന വകുപ്പിൽ ഗാർഹിക പീഡന നിരോധന നിയമം നടപ്പിലാക്കുന്നതിനായി 14 ജില്ലകളിലായി 14 വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തിക രൂപീകരിച്ചിട്ടുണ്ട്.8 ജില്ലകളിൽ സ്ഥിരം ജീവനക്കാരും 4 ജില്ലകളിൽ താൽക്കാലികമായി നിയമിതരായവരും 2 ജില്ലകളിൽ അധിക ചുമതല നൽകിയിട്ടുള്ളവരുമാണ് സേവനമനുഷ്ഠിച്ച് വരുന്നത്. സ്ഥിരം തസ്തികയുടെയും അധിക ചുമതല നൽകിയിട്ടുള്ള വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയുടെയും ചുമതലകൾ ഒരുമിച്ച് നിർവ്വഹിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതിനാൽ വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയുടെ ചുമതല മാത്രമായി അനുവദിക്കണമെന്ന് സൂചന (4) പ്രകാരം അപേക്ഷിച്ചിരുന്നു. 2 ജില്ലകളിലാണ് വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ അധിക ചുമതല നൽകിയിട്ടുള്ളത്. ഗാർഹിക പീഡന നിരോധന നിയമപ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും അതനുസരിച്ചുള്ള മറ്റ് ധനസഹായ പദ്ധതികൾ സമയബന്ധിതമായി അനുവദിക്കുന്നതിനും ഓരോ ജില്ലയിലും വുമൺ പ്രൊട്ടക്ഷൻ ഓഫീസറുടെ സേവനം അത്യന്താപേക്ഷിതമാണ്. വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ സ്ഥിര നിയമനം നടത്തുന്നതിന് നിലവിലെ സ്പെഷ്യൽ റൂളിലെ അപാകത പരിഹരിച്ച് സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.ആയതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് സമയം ആവശ്യമായതിനാൽ താൽക്കാലിക സംവിധാനത്തിലൂടെ വകുപ്പിലെ നിശ്ചിത യോഗ്യതയുള്ള വനിത ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള അനുമതിയ്ക്കായി വകുപ്പ് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ വനിത ശിശു വികസന വകുപ്പിലെ വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് കെ.എസ്സ് & എസ്സ്.എസ്സ്.ആർ ഭാഗം 2 ചട്ടം 9 (എ) (i) പ്രകാരം താൽക്കാലിക നിയമനം നൽകുവാൻ പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.ഇതിനായി പരാമർശം (2) പ്രകാരമുള്ള വിശേഷാൽ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ള വകുപ്പിലെ വനിത ജീവനക്കാരിൽ നിന്നും പരാമർശം (3) പ്രകാരം താൽക്കാലിക നിയമനത്തിനായി അപേക്ഷ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മേൽ വിവരിച്ച തരത്തിലുള്ള താൽക്കാലിക നിയമനത്തിനായി 2 പേരടങ്ങുന്ന റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത ലിസ്റ്റിൽ ക്രമ നം.1 മുതൽ 2 വരെ ചുവടെ പേര് വിവരിക്കുന്ന ജീവനക്കാർ വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ താൽക്കാലിക നിയമനത്തിനായി യോഗ്യത നേടിയിട്ടുണ്ട്.

| ക്രമ നം. | പേര്,തസ്തിക,കാര്യാലയം |
|---|---|
| 1 | ശ്രീമതി.നിസ്സ.എ, ശിശു വികസന പദ്ധതി ഓഫീസർ, പനമരം |
| 2 | ശ്രീമതി.ലൈജു.വി.എസ്, ശിശു വികസന പദ്ധതി ഓഫീസർ, മണ്ണാർക്കാട് |

മേൽ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന ജീവനക്കാരെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള കാര്യാലയത്തിൽ കെ.എസ്സ് & എസ്സ്.എസ്സ്.ആർ ഭാഗം 2 ചട്ടം 9 (എ) (i) പ്രകാരം വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് താൽക്കാലിക നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര്, തസ്തിക, കാര്യാലയം | വുമൺ പ്രൊട്ടക്ഷൻ ഓഫീസറായി താൽക്കാലിക നിയമനം നൽകുന്ന കാര്യാലയം |
|---|---|---|
| 1. | ശ്രീമതി.നിസ്സ.എ,<br>ശിശു വികസന പദ്ധതി ഓഫീസർ, പനമരം | വുമൺ പ്രൊട്ടക്ഷൻ ഓഫീസർ, വയനാട് |
| 2. | ശ്രീമതി.ലൈജു.വി.എസ്,<br>ശിശു വികസന പദ്ധതി ഓഫീസർ, മണ്ണാർക്കാട് | വുമൺ പ്രൊട്ടക്ഷൻ ഓഫീസർ, പാലക്കാട് |

വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് ഭരണപരമായ ബുദ്ധിമുട്ടിന് കാരണമാകുന്ന സാഹചര്യത്തിലാണ് ഒരു stop gap arrangement എന്ന നിലയ്ക്ക് പ്രസ്തുത തസ്തികയിലേയ്ക്ക് കെ.എസ്സ് & എസ്സ്.എസ്സ്.ആർ ഭാഗം 2 ചട്ടം 9 (എ) (i) പ്രകാരം യോഗ്യരായ വനിത ഉദ്യോഗസ്ഥരിൽ നിന്നും താൽക്കാലിക നിയമനം നടത്തുന്നതിന് തീരുമാനിച്ചത്. ഇപ്രകാരം നിലവിൽ താൽക്കാലിക നിയമനം നേടുന്നവരും വകുപ്പിൽ ഇപ്പോൾ ഇതര തസ്തികകളിൽ സ്ഥിരമായി ലീൻ ഉള്ളവരുമായ ജീവനക്കാർക്ക് ഭാവിയിൽ വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനോ സീനിയോറിറ്റിക്കോ പ്രത്യേക അവകാശമുന്നയിക്കാൻ യാതൊരുവിധ അർഹതയും ഉണ്ടായിരിക്കുന്നതല്ല.

മേൽ പറഞ്ഞ പ്രകാരമുള്ള താൽക്കാലിക നിയമനത്തിന്റെ ദൈർഘ്യം സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ബൈട്രാൻസ്ഫർ മുഖേന യോഗ്യരായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതു വരെയോ അല്ലെങ്കിൽ അവരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം നടത്തുന്നതുവരെയോ ഡെപ്യൂട്ടേഷനിൽ പോയ സ്ഥിരം ജീവനക്കാർ വകുപ്പിലേയ്ക്ക് തിരികെ വരുന്നതു വരെയോ ഈ വിഷയത്തിൽ സർക്കാർ മറ്റൊരു ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെയോ മാത്രമായിരിക്കും.

കെ.എസ്സ് & എസ്സ്.എസ്സ്.ആർ ഭാഗം 2 ചട്ടം 9 (എ) (v) ന് താഴെയുള്ള പ്രൊവിസോ പ്രകാരം ചട്ടം 9 (എ) (i) അനുസരിച്ച് നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് അതാത് സമയത്തെ ശമ്പള നിർണ്ണയ ചട്ടങ്ങൾക്ക് അനുസൃതമായി ശമ്പള നിർണ്ണയത്തിനും തുടർന്നുള്ള ഇൻക്രിമെന്റുകൾക്കും

അർഹതയുണ്ട്. താൽക്കാലിക നിയമനം ഉയർന്ന ശമ്പള സ്കെയിൽ നിന്നും താഴ്ന്ന ശമ്പള സ്കെയിലിലേയ്ക്കാണെങ്കിൽ കെ.എസ്സ്.ആർ ഭാഗം 1 ചട്ടം 37(ബി) പ്രകാരം നിശ്ചയിക്കാവുന്നതാണ്. താഴ്ന്ന ശമ്പള സ്കെയിൽ നിന്നും ഉയർന്ന ശമ്പള സ്കെയിലേയ്ക്കുള്ള നിയമനമാണെങ്കിൽ കെ.എസ്സ്.ആർ ഭാഗം 1 ചട്ടം 28 (എ) പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ട്. നിയമനം ഒരേ ശമ്പള സ്കെയിൽ ഉള്ളതാണെങ്കിൽ കെ.എസ്സ്.ആർ ഭാഗം 1 ചട്ടം 30 പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനായിരിക്കും അർഹത.

വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് സ്പെഷ്യൽ റൂളിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി ബൈട്രാൻസ്ഫർ മുഖേന അല്ലെങ്കിൽ നേരിട്ടുള്ള നിയമനം വഴി ഒഴിവ് നികത്തുമ്പോൾ താൽക്കാലികമായി നിയമിക്കപ്പെട്ട ജീവനക്കാർ ഫീഡർ കാറ്റഗറിയിലേയ്ക്ക് തിരികെയെത്തുകയും ശമ്പളം റീ-ഫിക്സ് ചെയ്യപ്പെടുകയും ടി ഉദ്യോഗസ്ഥർ താൽക്കാലിക നിയമനം ലഭിക്കാതെ തന്റെ ഫീഡർ കാറ്റഗറിയിൽ തുടർന്നിരുന്നെങ്കിൽ ലഭിക്കുമായിരുന്ന ശമ്പളവും ആനുകൂല്യവും നോഷണലായി കണക്കാക്കി ഫീഡർ കാറ്റഗറിയിലേയ്ക്ക് പുന പ്രവേശിക്കുന്ന തീയതിയിൽ അനുവദിക്കുന്നതാണ്.

താൽക്കാലിക നിയമനം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവി വിടുതൽ ചെയ്യേണ്ടതും ചുമതല ഏറ്റെടുത്ത വിവരം ആർ.റ്റി.സി യുടെ പകർപ്പ് സഹിതം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)

വനിത ശിശുവികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ്</u>

1. അക്കൗണ്ടന്റ് ജനറൽ(എ &ഇ)കേരള തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും
3. എല്ലാ ജില്ല പ്രോഗ്രാം ഓഫീസർമാർക്കും
4. പ്രോഗ്രാം മാനേജർ, നിർഭയ സെൽ
5. ഐ.റ്റി.സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. ഇ1 സീറ്റ്, ഡബ്ല്യൂ.ഇ.സി സെക്ഷൻ
7. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്